# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.634 13.06.2012 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (എ) | എൻഡോസൾഫാൻ ഇരയായവർക്ക് ദുരിതാശ്വാസം നൽകാനും അവരുടെ പുനരധിവാസത്തിനുമായി സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.<br>1.മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി 28,200 രോഗികളെ സ്ക്രീൻ ചെയ്യുകയും 4,880 രോഗികളെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽപ്പെടുത്തുകയും ചെയ്തു.<br>2. സ്മാർട്ട് കാർഡ് പദ്ധതിയുടെ സഹായത്തോടെ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ സംസ്ഥാനത്തിനകത്തും മംഗലാപുരത്തുമുള്ള 12 ആശുപത്രികളിൽ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു. 3,720 രോഗികൾക്ക് സ്മാർട്ട് കാർഡുകൾ ഇതിനകം നൽകി. 40 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് സൗജന്യ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 11 പഞ്ചായത്തുകൾക്കായി 1 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br>4. കിടപ്പിലായ രോഗികൾക്കുള്ള സാന്ത്വന പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്തി.<br>5.എൻഡോസൾഫാൻ ദുരിതബാധിതമായ 11 പഞ്ചായത്തുകളിൽ മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാണ്. ഡോക്ടർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ഇതുവഴി ലഭ്യമാക്കി വരുന്നു.<br>6. കാസർഗോഡ് ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.<br>7.പൂർണ്ണമായി കിടപ്പിലായവർക്ക് 2,000/- രൂപയും അല്ലാത്തവർക്ക് 1,000/- രൂപയും പ്രതിമാസം പെൻഷൻ ഏർപ്പെടുത്തി.<br>8. ദുരിതബാധിതർക്ക് സൗജന്യറേഷൻ ഏർപ്പെടുത്തി.<br>9. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 1.17 കോടി രൂപ അനുവദിച്ചു.<br>10. എൻഡോസൾഫാൻ ദുരിത ബാധിത രുടെ ചികിത്സയ്ക്കായി 22 സ്റ്റാഫ് നഴ്സ്, 69 ഫീൽഡ് സ്റ്റാഫ്, 11 ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം 11 പഞ്ചായത്തുകളിൽ ലഭ്യമാക്കി.<br>11. കേരളാ സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 1808 കുട്ടികൾക്ക് 1000, 2000, 2500 രൂപ നിരക്കുകളിൽ 2011-12 അദ്ധ്യയനവർഷം സ്കോളർഷിപ്പ് നൽകി.<br>12. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം പൂർണ്ണമായി കിടപ്പിലായ രോഗികൾക്ക് 5 ലക്ഷം രൂപയും , മറ്റ് വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപയും നൽകാൻ ഉത്തരവായി.<br>13.എൻഡോസൾഫാൻ രോഗികളുടെ പുനരധിവാസത്തിനായി 7 ബഡ്സ് സ്കൂൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചു. |
| (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിധി പ്രകാരമുള്ള സാമ്പത്തിക സഹായം എന്ന് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച് 26.05.12 ലെ സ.ഉ(എം.എസ്) നം.147/12/ആ.കു.വ പ്രകാരം ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | i) പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപ അനുവദിക്കാനും അതിൽ 3 ലക്ഷം രൂപ 2 ഗഡുക്കളായി നൽകുവാനും ബാക്കി 2 ലക്ഷം രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് മാസം 2000 രൂപ വീതം 5 വർഷത്തേക്ക് നൽകുവാനും 5 വർഷത്തിനുശേഷം 2 ലക്ഷം രൂപ മടക്കി നൽകാനും ഉത്തരവായി.<br><br>ii) മറ്റു ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ അനുവദിക്കാനും അതിൽ 2 ലക്ഷം രണ്ട് ഗഡുക്കളായി നൽകുവാനും ബാക്കി ഒരു ലക്ഷം രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാനും മാസം 1000 രൂപ വീതം 5 വർഷത്തേക്ക് നൽകുവാനും 5 വർഷത്തിനുശേഷം 1 ലക്ഷം രൂപ മടക്കി നൽകാനും ഉത്തരവായി .<br><br>പാക്കേജിനാവശ്യമായി വരുന്ന തുകയുടെ ആദ്യഗഡു (50% ആയി നിജപ്പെടുത്തി) പ്ലാന്റേഷൻ കോർപ്പറേഷൻ വഹിക്കേണ്ടതാണ്. ബാക്കിയുള്ള 50% സർക്കാർ അടുത്ത ഘട്ടത്തിൽ വഹിക്കുന്നതാണ്. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഒന്നാം ഗഡുവായി അടക്കേണ്ട 27.0425 കോടി രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് കൈമാറി. ഈ തുക താമസിയാതെതന്നെ അർഹരായവർക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ